# മധുരമായ കുട്ടികളെ – എത്രത്തോളം ജ്ഞാന രത്നങ്ങളുടെ ദാനം ചെയ്യുന്നുവോ അത്രയും ഖജനാവ് നിറഞ്ഞുകൊണ്ടിരിക്കും, വിചാര സാഗര മഥനം നടന്നുകൊണ്ടിരിക്കും, നല്ല ധാരണയുണ്ടാകും

**ചോദ്യം:–** ഏത് ആത്മാക്കളുടെ ഭാഗ്യത്തിലാണോ പരിധിയില്ലാത്ത സുഖമില്ലാത്തത്, അവരുടെ അടയാളം എന്തായിരിക്കും?

**ഉത്തരം:–** അവർ ജ്ഞാനം കേൾക്കും എന്നാൽ തിരിഞ്ഞ് നിന്നുകൊണ്ട് കേൾക്കുന്നത് പോലെയായിരിക്കും. ബുദ്ധിയിൽ ഒന്നും തന്നെ ഇരിക്കില്ല. നല്ലതാണ്–നല്ലതാണ് എന്ന് പറയും, മഹിമ പാടും. പറയും, ഇത് എല്ലാവരെയും കേൾപ്പിക്കണം, വളരെ നല്ല മാർഗ്ഗമാണ്. എന്നാൽ സ്വയം അതിലൂടെ നടക്കില്ല. ഇതും ഭാഗ്യത്തിന്റെ കാര്യമെന്ന് ബാബ പറയും. സേവനം ചെയ്യുക എന്നത് നിങ്ങൾ കുട്ടികളുടെ കർത്തവ്യമാണ്. ആയിരങ്ങളെ കേൾപ്പിച്ചുകൊണ്ടിരിക്കൂ. പ്രജകളുണ്ടാകുന്നു. മാതാ–പിതാവിന് സമാനം പരിധിയില്ലാത്ത ബാബയിൽ നിന്ന് സമ്പത്തെടുക്കുന്നതിനുള്ള പുരുഷാർത്ഥം ചെയ്യൂ. ജ്ഞാനത്തെ ധാരണ ചെയ്ത് തനിക്ക് സമാനമാക്കിക്കൊണ്ടിരിക്കൂ.

**ഗീതം:–** ഭാഗ്യം ഉണർത്തി വന്നിരിക്കുന്നു. . . .

**ഓം ശാന്തി**. ഭാഗ്യം എപ്പോഴും രണ്ട് പ്രകാരത്തിലുണ്ട്. ഒന്ന് നല്ലത് രണ്ടാമത് മോശമായത്. ഒന്ന് സുഖത്തിൻന്റേത് അടുത്തത് ദുഃഖത്തിന്റേത്. ഭാരതത്തിന് സുഖത്തിന്റെ ഭാഗ്യവുമുണ്ട്, ദുഃഖത്തിന്റെ ഭാഗ്യവുമുണ്ട്. ഭാരതം തന്നെയായിരുന്നു സുഖധാമമായിരുന്നത്, ഭാരതം തന്നെയാണ് ദുഃഖധാമവും. കെട്ടിടം പുതിയതാണെങ്കിൽ നല്ല ഭാഗ്യം. പഴയതാണെങ്കിൽ മോശം ഭാഗ്യം. ഭാരതം തന്നെയായിരുന്നു മുൻപ് പുതിയതായിരുന്നത്, പിന്നീട് ഇപ്പോൾ പഴയതായിരിക്കുന്നു. ഈ കാര്യങ്ങളെയും നിങ്ങൾ കുട്ടികൾ മാത്രമാണ് മനസ്സിലാക്കുന്നത്, ലോകത്തിന് അറിയില്ല. നിങ്ങളുടെ ശ്രദ്ധ ഈ കാര്യങ്ങളിലേക്ക് ക്ഷണിക്കുന്നു അതായത് കുട്ടികളേ നിങ്ങൾ എത്ര ഭാഗ്യവാൻമാരായിരുന്നു. ദേവീ–ദേവത വിശ്വത്തിന്റെ അധികാരികളായിരുന്നു, ഇപ്പോളല്ല. നല്ല ഭാഗ്യം മാറി ഇപ്പോൾ മോശമായിരിക്കുന്നു. നല്ല ഭാഗ്യം എപ്പോൾ, എങ്ങനെയാണ് ഉണ്ടാകുന്നതെന്ന് മനസ്സിലാക്കേണ്ട കാര്യമാണ്. മനസ്സിലാക്കി തരുന്നത് ഒരേഒരു പരിധിയില്ലാത്ത ബാബയാണ്. ഭാരതത്തിന്റെ ഉയർന്ന ഭാഗ്യം എപ്പോഴായിരുന്നു? എപ്പോഴാണോ സ്വർഗ്ഗമായിരുന്നത്. മോശം ഭാഗ്യം ഇപ്പോഴാണ്. പാടുന്നുമുണ്ട് അല്ലയോ പതിത–പാവനാ വന്ന് ഞങ്ങളുടെ പാവന ഭാഗ്യമുണ്ടാക്കൂ. ഭാരതം പാവനമായിരുന്നപ്പോൾ വളരെ വലിയ ഭാഗ്യമായിരുന്നു. ഇപ്പോൾ അതേ ഭാരതം പതിതമാണ് എന്തുകൊണ്ടെന്നാൽ വികാരികളാണ്. വികാരികളും നിർവ്വികാരികളും അങ്ങനെ രണ്ട് കൂട്ടരുണ്ട്. അഥവാ നമ്മൾ ഈ സമയം നിർവ്വികാരിയാകുകയാണെങ്കിൽ ദേവതയാകും. ഈ സമയം ബാബയെ വിളിച്ചുകൊണ്ടേയിരിക്കുന്നു. കുംഭമേളയിൽ തീർച്ചയായും പാടിയിട്ടുണ്ടായിരിക്കും – പതിത–പാവന സീതാറാം.... പതിത–പാവനി നദിയല്ല. മനുഷ്യരുടെ ഭാഗ്യമെപ്പോഴാണോ മോശമാകുന്നത് അപ്പോൾ എത്രയാണ് കല്ലുബുദ്ധിയാകുന്നത്. ഇത് സുഖത്തിന്റെയും ദുഃഖത്തിന്റെയും കളിയാണ്. ദുഃഖം ആരാണ് നൽകുന്നത്? സുഖം ആരാണ് നൽകുന്നത്? രണ്ട് പേരുടെയും ചിത്രം വളരെ പ്രസിദ്ധമാണ്. സുഖത്തിനായി പരംപിതാ പരമാത്മാവിനെ ഓർമ്മിക്കുന്നു. അല്ലയോ ദുഃഖഹർത്താ സുഖകർത്താ. അപ്പോൾ ഇതിലൂടെ വ്യക്തമാകുന്നത് ബാബ ഒരിക്കലും ദുഃഖം നൽകുന്നില്ല എന്നതാണ്. ഭഗവാൻ തന്നെയാണ് സുഖവും ദുഃഖവും നൽകുന്നതെന്നാണ് അവർ മനസ്സിലാക്കുന്നത്. നയാ പൈസയുടെ കാര്യം പോലും ആരും മനസ്സിലാക്കുന്നില്ല. ഇപ്പോൾ നിങ്ങളെ ബാബ പവിഴബുദ്ധികളാക്കിയിരിക്കുന്നു. ബുദ്ധിയുടെ പൂട്ട് തുറന്നിരിക്കുന്നു. സൃഷ്ടിയുടെ ചക്രം കറങ്ങിക്കൊണ്ടേയിരിക്കുന്നു എന്ന് നിങ്ങൾക്കറിയാം. സൃഷ്ടി പഴയതാകുമ്പോൾ അതിൽ ദുഃഖമാണുള്ളത്. ഇപ്പോൾ നിങ്ങൾക്ക് 3 നേത്രങ്ങൾ ലഭിച്ചിരിക്കുന്നു. നിങ്ങൾക്ക് എല്ലാവർക്കും മനസ്സിലാക്കി കൊടുക്കാൻ സാധിക്കും അതായത് നിങ്ങൾ പതിത–പാവനാ വരൂ എന്ന് വിളിക്കുന്നു, പിന്നീട് നദിയിൽ വന്നിരിക്കുന്നത് എന്തിനാണ്? ഈ യജ്ഞം, തപസ്സ് മുതലായവ ചെയ്യുക, വേദ ശാസ്ത്രം മുതലായ പഠിക്കുക ഇതെല്ലാം ഭക്തി മാർഗ്ഗമാണ്. ബാബ പറയുന്നു – എന്നെ ഇതിലൂടെ ലഭിക്കില്ല. എപ്പോഴാണോ നിങ്ങളുടെ ഭക്തി പൂർത്തിയാകുന്നത് അപ്പോഴാണ് ഞാൻ വന്ന് സദ്ഗതി നൽകുന്നത്. യോഗത്തിന്റെയും ജ്ഞാനം ആവശ്യമാണ്. പാവനമാകുന്നതിനും ജ്ഞാനം ആവശ്യമാണ്. ശാസ്ത്രം പഠിക്കുന്നതിലൂടെ പാവനമാകുന്നതിന്റെ യാതൊരു കാര്യവുമില്ല. വിവേകം പറയുന്നുണ്ട് ഭാരതം എപ്പോൾ പാവനമായിരുന്നോ അപ്പോൾ സമ്പൂർണ്ണ നിർവ്വികാരിയുമായിരുന്നു വളരെ ധനവാൻമാരുമായിരുന്നു. ഇങ്ങനെ പവിത്രവും ധനവാനുമാക്കിയത് ആരാണ്? എന്താ ഗംഗാ സ്നാനം

ചെയ്തതിലൂടെ ആയതാണോ? അതോ ശാസ്ത്രം പഠിച്ചതിലൂടെ ആയതാണോ? ഇതെല്ലാം നിങ്ങൾ ചെയ്തുകൊണ്ടേ വന്നതാണ് എന്നിട്ടും പതിത-പാവനാ വരൂ എന്ന് വിളിക്കുന്നു. എപ്പോഴാണോ പതിത ലോകത്തിന്റെ സമയം പൂർത്തിയാകുന്നത് അപ്പോഴാണ് പതിത-പാവനനായ ബാബ വന്ന് സ്വർഗ്ഗത്തിന്റെ സ്ഥാപന ചെയ്യുന്നത്. പാവന ലോകമാണ് സത്യയുഗം, പതിത ലോകമാണ് കലിയുഗം. പതിത പാവനൻ ഒരേഒരു പരമാത്മാവാണെന്ന് ആരും തന്നെ മനസ്സിലാക്കുന്നില്ല. എല്ലാവരുടെയും ദാതാവ് രാമനാണെന്ന് പറയുന്നുണ്ട്. എന്ത് ദാതാവാണ്? ഇതുപോലും മനസ്സിലാക്കുന്നില്ല. ബാബ മനസ്സിലാക്കി തരുന്നു എല്ലാവരുടെയും ദാതാവായ രാമൻ ഒരേഒരു നിരാകാരൻ മാത്രമാണ്. ബുദ്ധിക്ക് തീർത്തും പൂട്ട് വീണിരിക്കുന്നു. ബുദ്ധിയിൽ ഇരിക്കുന്നതേയില്ല. സത്യയുഗത്തിൽ എല്ലാവരും പവിഴബുദ്ധികളാണ്, പേര് തന്നെ പവിഴനാഥൻ, പവിഴപുരി എന്നാണ്. നിങ്ങൾ കുട്ടികളും ഈ സമയം പവിഴനാഥനായി മാറുന്നു. ആത്മാവ് സ്വർണ്ണിമയുഗിയാകുന്നു. ഇപ്പോൾ കലിയുഗീ ബുദ്ധിയാണ്. സ്വർണ്ണിമയുഗീ ബുദ്ധി സുഖമെടുക്കുന്നു, കലിയുഗീ ബുദ്ധി ദുഃഖമെടുക്കുന്നു. മനുഷ്യർ വിഷത്തിന് വേണ്ടി കലഹിക്കുന്നു. പവിത്രമാകുന്നതിൽ നോക്കൂ എത്രയാണ് ലഹള നടത്തുന്നത്. കംസൻ, ജരാസന്ധൻ, ദുഃശ്ശാസൻ, പൂതന, ശൂർപ്പണക..... ഇവരെയെല്ലാം കുറിച്ച് പാടിയിട്ടുണ്ട്. ഇതെല്ലാം കഴിഞ്ഞ് പോയ കാര്യങ്ങളുടെ മഹിമയാണ്. തീർച്ചയായും സംഗമയുഗത്തിലെ തന്നെ മഹിമയാണ്. പാടുന്ന ഓരോ കാര്യവും സംഗമത്തിന്റേത് തന്നെയാണ്. ബാബ പറയുന്നു - പതിതരെ പാവനമാക്കുന്നതിന് ഞാനും ഒരു പ്രാവശ്യം മാത്രമാണ് വരുന്നത്. നിങ്ങൾക്കറിയാം ബാബയുടെ ജോലി തന്നെ പതിതരെ പാവനമാക്കുക എന്നതാണ്. ബാബ രചയിതാവാണ് എങ്കിൽ തീർച്ചയായും പുതിയ രചന തന്നെയായിരിക്കും രചിക്കുക. പതിതമാക്കുന്നത് രാവണനാണ്. പാവനമാക്കുന്നത് ബാബയാണ്. ബാബയുടെ യഥാർത്ഥ പേരാണ് ശിവൻ. ശിവരാത്രിയും ആഘോഷിക്കുന്നുണ്ട്. രാത്രിയുടെയും അർത്ഥം നിങ്ങൾ മനസ്സിലാക്കുന്നുണ്ട്. ബാബ വരുന്നത് അപ്പോഴാണ് എപ്പോഴാണോ ഭക്തി അർത്ഥം രാത്രി പൂർത്തിയായി പകലാകുന്നത്.

ഇപ്പോൾ ബാബ പറയുന്നു കുട്ടികളേ പാവനമാകൂ. ഇപ്പോൾ തിരിച്ച് പോകണം. സത്യയുഗമായിരുന്നു ഇപ്പോൾ വീണ്ടും ചക്രം ആവർത്തിക്കും. നിങ്ങൾ കുട്ടികളെ മനുഷ്യനിൽ നിന്ന് ദേവതയാക്കി കൊണ്ടിരിക്കുന്നു. ദേവതകളും മനുഷ്യർ തന്നെയായിരുന്നു വേറെ വ്യത്യാസം ഒന്നും തന്നെയില്ല. കേവലം അവർ വെളുത്തത് അർത്ഥം പാവനമാണ്, ഇപ്പോഴത്തെ മനുഷ്യർ കറുത്തത് അർത്ഥം പതിതരാണ്. ഭാരതം സ്വർണ്ണിമ യുഗിയായിരുന്നു, ഇപ്പോൾ ഇരുമ്പുയുഗിയാണ്. ആത്മാവിൽ ചെളി പിടിച്ചിരിക്കുന്നു - അത് ഇല്ലാതാകുന്നത് യോഗ അഗ്നിയിലൂടെയാണ്. മുൻപ് മൻമനാഭവ എന്ന വാക്ക് വായിച്ചിട്ടുണ്ടായിരുന്നു. അർത്ഥം ഒന്നും തന്നെ മനസ്സിലാക്കിയിരുന്നില്ല. പരംപിതാ പരമാത്മാവിനോടൊപ്പം ബുദ്ധിയോഗം വയ്ക്കണം, എന്നാൽ പരമാത്മാവിന്റെ രൂപത്തെക്കുറിച്ച് പോലും ആർക്കും അറിയില്ല പിന്നെങ്ങനെ യോഗം വയ്ക്കാൻ സാധിക്കും. പരമാത്മാവ് നാമ രൂപത്തിൽ നിന്ന് വേറിട്ടതാണെന്ന് പറയുന്നു പിന്നെങ്ങനെ യോഗം വെയ്ക്കാൻ സാധിക്കും? ഭഗവാനുവാചാ - മൻമനാഭവ. ദേഹത്തിന്റെ അഭിമാനം ഉപേക്ഷിക്കൂ, സ്വയത്തെ ആത്മാവെന്ന് മനസ്സിലാക്കൂ. ആത്മാവിന്റെ രൂപം എന്താണ്? പറയുന്നു ആത്മാവ് നക്ഷത്രമാണ്, ഭൃകുടി മദ്ധ്യത്തിലാണ് വസിക്കുന്നത്. എങ്കിൽ ആത്മാക്കളുടെ പിതാവും അതുപോലെ തന്നെയായിരിക്കും. അങ്ങനെയുള്ള പരമാത്മാവിനെയാണ് പിന്നീട് നാമരൂപത്തിൽ നിന്ന് വേറിട്ടതെന്ന് പറയുന്നത്. ബാബയെക്കുറിച്ച് ബ്രഹ്മമാണ്, അഖണ്ഡ ജ്യോതി തത്വമാണ് എന്നെല്ലാം പറയുന്നു. ബ്രഹ്മം അനന്തമാണ്. ഏതുപോലെയാണോ ആകാശത്തിന്റെ അറ്റം കണ്ടെത്താൻ സാധിക്കാത്തത്. എന്തെങ്കിലും ചെയ്ത് അറ്റം കണ്ടെത്തി എന്നുതന്നെയിരിക്കട്ടെ, എന്നാൽ അതിലൂടെ മുക്തിയും ജീവൻ മുക്തിയും ആർക്കും ലഭിക്കുന്നില്ല. മുക്തി ജീവൻമുക്തിയുടെ അർത്ഥവും നിങ്ങൾ കുട്ടികൾ മാത്രമാണ് മനസ്സിലാക്കുന്നത്. ലോകത്തിന് ഒന്നും തന്നെ അറിയില്ല. ജ്ഞാനത്തിന്റെ സാഗരനാണ്, മനുഷ്യ സൃഷ്ടിയുടെ ബീജരൂപനാണ് എന്നെല്ലാം പാടുന്നുമുണ്ട്. സത്യമാണ്, ചൈതന്യമാണ്, പതിത-പാവനനാണ് എങ്കിൽ തീർച്ചയായും പതിത ലോകത്തിൽ വരും. നിങ്ങൾ മനസ്സിലാക്കുന്നുണ്ട് എപ്പോഴാണോ ജ്ഞാനമുള്ളത് അപ്പോൾ ഭക്തി ഉണ്ടായിരിക്കില്ല. ജ്ഞാനമാണ് പകൽ സത്യ ത്രേതായുഗം. ഭക്തിയാണ് രാത്രി. ജ്ഞാനത്തിന്റെ സാഗരൻ പരംപിതാ പരമാത്മാവാണ് അല്ലാതെ ജലമല്ല - ഇത് എല്ലാവർക്കും മനസ്സിലാക്കി കൊടുക്കണം. മുഴുവൻ ഭാരതത്തിനും എങ്ങനെ സന്ദേശം നൽകണം അതിന് വേണ്ടി ബാബ നല്ല-നല്ല യുക്തികൾ മനസ്സിലാക്കി തന്നുകൊണ്ടിരിക്കുന്നു. വാസ്തവത്തിൽ മഹിമ പാടിയിട്ടുള്ള മേള ആത്മാവിന്റെയും പരമാത്മാവി ന്റേതുമാണ്. പരമാത്മാവ് ഒന്നുമാത്രമാണ്. പരമാത്മാവ് സർവ്വ വ്യാപിയാണ് - ഇങ്ങനെയൊരു കണക്കേ ഉണ്ടാകുന്നില്ല. ബാബ തന്നെയാണ് വന്ന് എല്ലാവരേയും ദുഃഖത്തിൽ നിന്ന് മോചിപ്പിക്കുന്നത്. ദുഃഖത്തിൽ എല്ലാവരും ഓർമ്മിക്കുന്നു. എത്രയാണ് നിലവിളിക്കുന്നത്. ഇത് എപ്പോൾ മുതലാണ് ചെയ്യാനാരംഭിച്ചത്? ചോദിക്കൂ. പരമ്പരകളായെന്ന് പറയും. അങ്ങനെയെങ്കിൽ പാവനമായവർ ആരും തന്നെ ഉണ്ടായിട്ടില്ല പതിതമാകുകയാണ് ചെയ്തത്.

മുഴുവൻ ജ്ഞാനവും ഇപ്പോൾ നിങ്ങളുടെ ബുദ്ധിയിൽ നിറഞ്ഞിട്ടുണ്ട്. ജ്ഞാനത്തെ ബ്രഹ്മാവിന്റെ പകലെന്നാണ് പറയുന്നത്. വിഷ്ണുവിന്റെ പകലെന്ന് പറയില്ല എന്തുകൊണ്ടെന്നാൽ ജ്ഞാനം ഇപ്പോൾ മാത്രമാണ് ലഭിക്കുന്നത്. ദിനം-പ്രതിദിനം സംശുദ്ധീകരിച്ച *പോയന്റുകൾ* വന്നുകൊണ്ടിരിക്കുന്നു. ജീവൻമുക്തിയും *സെക്കന്റിന്റെ* കാര്യമാണ്, എന്നാൽ ജ്ഞാനത്തിന്റെ സാഗരനെന്നും പറയുന്നു, എത്ര തന്നെ എഴുതിയാലും അന്ത്യം കണ്ടെത്താൻ സാധിക്കില്ല. ബാബ മനസ്സിലാക്കി തന്ന് എപ്പോഴാണോ പൂർത്തിയാകുന്നത് അപ്പോൾ പരീക്ഷയും അവസാനിക്കുന്നു. തുടക്കം മുതൽ എത്രയാണ് കേൾപ്പിച്ചു കൊണ്ടിരിക്കുന്നത്. ഗീത തീർത്തും ചെറുതായാണ് ഉണ്ടാക്കിയിരിക്കുന്നത്. എത്ര ജ്ഞാനത്തിന്റെ കാര്യങ്ങളാണ്. മനസ്സിലാക്കി കൊടുക്കാനും വളരെ സഹജമാണ്. സത്യയുഗത്തിൽ തീർത്തും ഒരു ധർമ്മമായിരുന്നു ഉണ്ടായിരുന്നത്. ഇപ്പോൾ എത്ര ധർമ്മങ്ങളാണ്. എത്ര ബഹളങ്ങളാണ്. പരസ്പരം തന്നെ ലഹളകളായിരിക്കുന്നു. ഒരു ധർമ്മമായിരുന്നപ്പോൾ യുദ്ധം മുതലായവയുടെ പേരേ ഇല്ലായിരുന്നു, സുഖം തന്നെ സുഖമായിരുന്നു. ചക്രത്തിന്റെ രഹസ്യം ബുദ്ധിയിലുണ്ട്. നിങ്ങൾ എങ്ങനെയാണ് 84 ജന്മങ്ങളെടുക്കുന്നതെന്ന് കുട്ടികൾക്ക് മനസ്സിലാക്കി തന്നിട്ടുണ്ട്. ചക്രം ആവർത്തിക്കുന്നു. ഇപ്പോൾ നിങ്ങൾ യോഗബലത്തിലൂടെ തമോപ്രധാനത്തിൽ നിന്ന് സതോപ്രധാനമായിക്കൊണ്ടിരിക്കുന്നു. നിങ്ങളിപ്പോൾ ആസ്തികരായിരിക്കുന്നു. ത്രികാലദർശിയായിരിക്കുന്നു. ലോകത്തിൽ മറ്റാരും തന്നെ രചയിതാവിനെയോ രചനയെയോ അറിയുന്നില്ല. നിങ്ങൾ കുട്ടികൾ മാത്രമാണ് അറിയുന്നത് എന്നാൽ ധാരണ ചെയ്ത് മറ്റുള്ളവർക്കും മനസ്സിലാക്കി കൊടുക്കുന്നില്ലെങ്കിൽ *പോയന്റുകൾ* മറന്ന് പോകുന്നു. ആദ്യത്തെ വസ്തു ബുദ്ധിയിലിരിക്കുന്നില്ലെങ്കിൽ രണ്ടാമത്തേത് പിന്നെങ്ങനെയിരിക്കും. ദാനം നൽകിക്കൊണ്ടിരിക്കുകയാണെങ്കിൽ ഖജനാവ് നിറഞ്ഞുകൊണ്ടിരിക്കും. ആർക്ക് എങ്ങനെ മനസ്സിലാക്കി കൊടുക്കും. വിചാര സാഗര മഥനം നടന്നുകൊണ്ടിരിക്കും. ഭക്തിക്ക് മഹിമയുള്ളത് ജ്ഞാനമില്ലാത്തപ്പോഴാണ്. ആരാണോ സേവനത്തിലുള്ളത് അവരുടെ ബുദ്ധിയിൽ ലഹരി ഉണ്ടായിരിക്കും. സംഖ്യാക്രമത്തിൽ തന്നെയായിരിക്കും. മഹാരഥി അവരാണ് ആരാണോ മറ്റുള്ളവരെയും തനിക്ക് സമാനമാക്കിക്കൊണ്ടിരിക്കുന്നത്, ജ്ഞാനം ധാരണ ചെയ്യുന്നത്. പദവിയും അവർക്ക് അങ്ങനെയുള്ളതായിരിക്കും ലഭിക്കുന്നത്. ഈ മുഴുവൻ പരിശ്രമവും ഗുപ്തമാണ്. നിങ്ങൾ ബാബയുടേതായിട്ടുണ്ടെങ്കിൽ മനസ്സിലാക്കുന്നുണ്ട് ബാബയിൽ നിന്ന് തീർച്ചയായും സ്വർഗ്ഗത്തിന്റെ സമ്പത്ത് ലഭിക്കും. അവിടെ രാവണൻ ഉണ്ടായിരിക്കില്ല. രാവണന്റെ രാജ്യം തന്നെ വേറെയാണ്, രാമരാജ്യം വേറെയാണ്. നിങ്ങൾ കുട്ടികൾ ഇപ്പോൾ മനസ്സിലാക്കുന്നുണ്ട് അതായത് രാമായണം, ഭാഗവതം മുതലായവയിലെല്ലാം ഈ സമയത്തെ കാര്യങ്ങളാണുള്ളത്. പാവകളുടെ കളിയാണ്. ബാബ മനസ്സിലാക്കി തരുന്നു ഈ സമയം മുഴുവൻ വൃക്ഷവും തമോപ്രധാനമാണ്, നശിക്കാനുള്ളതാണ്. നിങ്ങളുടെ ബുദ്ധിയിൽ മുഴുവൻ രഹസ്യവുമുണ്ട്. മനസ്സിലാക്കി കൊടുക്കുന്നതിനായി എത്ര യുക്തികളാണ് മനസ്സിലാക്കി തന്നുകൊണ്ടിരിക്കുന്നത്. എങ്കിലും മനസ്സിലാക്കുന്നത് കോടിയിൽ ചിലരാണ്, തൈനടീൽ നടത്തിക്കൊണ്ടിരിക്കുന്നു. ആര് മറ്റ് ധർമ്മത്തിലേക്ക് *കൺവർട്ടായി* പോയിട്ടുണ്ടോ അവരെല്ലാം തിരിച്ച് വരും. ഹിന്ദു വാസ്തവത്തിൽ ദേവീ-ദേവതാ ധർമ്മത്തിന്റേതാണ്. നിങ്ങൾ ഭാരതവാസി ദേവീ-ദേവതാ ധർമ്മത്തിന്റേതല്ലേ എന്ന് മനസ്സിലാക്കി കൊടുക്കണം. ദേവീ-ദേവതകളെ തന്നെയാണ് പൂജിക്കുന്നത്. നിങ്ങളുടെ ധർമ്മവും ദേവതാ ധർമ്മം തന്നെയാണ്. ആദ്യം നിങ്ങൾ ദേവതയായിരുന്നു പിന്നീട് ക്ഷത്രിയനും, വൈശ്യനും, ശൂദ്രനുമായി. ഇപ്പോൾ വീണ്ടും നിങ്ങൾ ബ്രാഹ്മണനായി ദേവതയാകൂ. നമ്മൾ ഭാരതവാസികൾക്കാണ് മനസ്സിലാക്കി കൊടുക്കുന്നത്. ഇപ്പോൾ തൈ നടീൽ നടക്കുന്നു. ഞാൻ എങ്ങനെയാണ് ശൂദ്രനിൽ നിന്ന് പരിവർത്തനപ്പെടുത്തുന്നതെന്ന് ബാബയിരുന്ന് മനസ്സിലാക്കി തരുന്നു. ബ്രാഹ്മണനായി വീണ്ടും ദേവതയാകും. എത്ര നല്ല അറിവാണ്. നിങ്ങളോട് ആരെങ്കിലും ശാസ്ത്രം പഠിച്ചിട്ടുണ്ടോ എന്ന് ചോദിക്കുകയാണെങ്കിൽ പറയൂ, ഭക്തി മാർഗ്ഗത്തിൽ ശാസ്ത്രങ്ങളെല്ലാം പഠിച്ചിട്ടുണ്ട്, എന്നാൽ ബാബ മാത്രമാണ് വന്ന് സദ്ഗതി ചെയ്യുന്നത്, അതുകൊണ്ടല്ലേ അല്ലയോ പതിത-പാവനാ വരൂ എന്ന് പറഞ്ഞ് നിങ്ങൾ പിതാവിനെ വിളിക്കുന്നത്. യുക്തിയോടെ മനസ്സിലാക്കി കൊടുക്കുകയാണെങ്കിൽ തീർച്ചയായും മനസ്സിലാക്കും. മനസ്സിലാക്കി കൊടുക്കുന്നതിന് കുട്ടികൾക്ക് ധൈര്യമുണ്ടായിരിക്കണം. *ഡ്രാമ* നിങ്ങളെക്കൊണ്ട് സേവനം ചെയ്യിക്കും - ഇങ്ങനെ കാണാൻ സാധിക്കും. കൽപം മുൻപും ഇത്രയും പുരുഷാർത്ഥം ചെയ്ത് ഈ പദവി നേടിയിട്ടുണ്ട്, ബാബയിൽ നിന്ന് സമ്പത്ത് നേടുന്നതിന്റെ പുരുഷാർത്ഥം പൂർണ്ണമായും ചെയ്യണം. ബാബയുടെ സമ്പത്ത് ലഭിച്ചുകൊണ്ടിരിക്കുമ്പോൾ എന്തിന് നമ്മൾ രാവണന്റെ സമ്പത്തിൽ കൈവെയ്ക്കണം? എന്തുകൊണ്ട് മധുരമായിക്കൂടാ. സർവ്വഗുണ സമ്പന്നമാകണം. ഇതാണ് രാജയോഗം - നരനിൽ നിന്ന് നാരായണനാകുന്നതിന്റെ അർത്ഥം രാജ പദവി നേടുന്നതിന്റെ യോഗം.

ബാബ പറയുന്നു ഞാൻ കൽപ-കൽപം കൽപത്തിന്റെ സംഗമയുഗത്തിലാണ് വരുന്നത്. ഇതാണ് കയറുന്ന കലയുടെ യുഗം. ബാക്കി എല്ലാം ഇറങ്ങുന്ന കലയുടെ യുഗമാണ്. ഇറങ്ങുന്ന കലയും കയറുന്ന കലയുമുണ്ട്.

ഈ ചക്രം ബുദ്ധിയിൽ ഉണ്ടായിരിക്കണം. ബാബയിരുന്ന് ആത്മാക്കളോട് (കുട്ടികളോട്) സംസാരിക്കുന്നു അതായത് എന്നെ ഓർമ്മിക്കൂ. ഈ അന്തിമ ജന്മം പതിതമാകരുത് എങ്കിൽ ഞാൻ നിങ്ങളെ വിശ്വത്തിന്റെ അധികാരിയാക്കും. എന്താ നിങ്ങൾ ഞാൻ പറയുന്നത് അംഗീകരിക്കില്ലേ? ഇല്ലെങ്കിൽ പരിധിയില്ലാത്ത സുഖവും നിങ്ങൾക്ക് നേടാൻ സാധിക്കില്ല. നിങ്ങൾ ഈ ജന്മം പവിത്രമാകൂ. ഞാൻ *ഗ്യാരണ്ടി* ചെയ്യുകയാണ്, നിങ്ങളെ വിശ്വത്തിന്റെ അധികാരിയാക്കും. എന്താ ബാബ പറയുന്നതും അംഗീകരിക്കില്ലേ? ആര് പുഷ്പമാകാനുള്ളവരാണോ അവർക്ക് പെട്ടെന്ന് തന്നെ അമ്പേൽക്കും. ഭാഗ്യത്തിലില്ലെങ്കിൽ തലതിരിഞ്ഞ് നിന്ന് കേൾക്കുന്നത് പോലെയായിരിക്കും. പ്രദർശിനിയിൽ നിങ്ങൾ എത്ര പേർക്കാണ് മനസ്സിലാക്കി കൊടുക്കുന്നത്, നല്ലതാണ് നല്ലതാണെന്ന് പറഞ്ഞുകൊണ്ടിരിക്കും. പറയും മാർഗ്ഗം വളരെ സഹജമാണ്, എന്നാൽ സ്വയം ഒന്നും തന്നെ ചെയ്യില്ല. കേവലം മഹിമ പാടി മറ്റുള്ളവരോട് നല്ലതെന്ന് പറയും, എന്നാൽ സ്വയം നടക്കില്ല, ഇതിലൂടെ എന്തുണ്ടാകാനാണ്. ഭാഗ്യത്തിലില്ലെന്ന് പറയും. ഇങ്ങനെ-ഇങ്ങനെയുള്ളവർ പ്രജയിലേക്ക് പോകും. എന്നാൽ കുട്ടികൾക്ക് സേവനത്തിന്റെ താത്പര്യം ഉണ്ടായിരിക്കണം. ആയിരങ്ങളെ കേൾപ്പിക്കണം. പരിധിയില്ലാത്ത ബാബയിൽ നിന്ന് സമ്പത്തെടുക്കുന്നതിന് വേണ്ടി മാതാ-പിതാവിനെ പോലെ പുരുഷാർത്ഥം ചെയ്യണം. ശരി!

വളരെക്കാലത്തെ വേർപാടിന് ശേഷം കളഞ്ഞ് പോയി തിരികെ കിട്ടിയ കുട്ടികളെ പ്രതി മാതാവും പിതാവുമായ ബാപ്ദാദയുടെ സ്നേഹ സ്മരണയും പുലർകാല വന്ദനവും. ആത്മീയ അച്ഛന്റെ ആത്മീയ കുട്ടികൾക്ക് നമസ്ക്കാരം.

### ധാരണക്കുള്ള മുഖ്യമായ സാരം -

1) ബാബയിൽ നിന്ന് പൂർണ്ണമായ സമ്പത്തെടുക്കുന്നതിന് വേണ്ടി അതിമധുരവും, സർവ്വഗുണ സമ്പന്നവുമാകണം. രാവണന്റെ സമ്പത്തിൽ കൈ വെയ്ക്കരുത്.

2) ജ്ഞാനത്തെ ധാരണ ചെയ്ത് ആത്മീയ ലഹരിയിൽ കഴിഞ്ഞ് സേവനം ചെയ്യണം. പരിധിയില്ലാത്ത സുഖം നേടുന്നതിന് വേണ്ടി ബാബയുടെ ഓരോ നിർദ്ദേശത്തെയും അംഗീകരിച്ച് അതിലൂടെ നടക്കണം.

## വരദാനം:-അറ്റൻഷന്റെ വിധിയിലൂടെ മായയുടെ നിഴലിൽ നിന്ന് സ്വയത്തെ സംരക്ഷിക്കുന്നവരായ ചഞ്ചലതകൾക്കിടയിലും അചഞ്ചലരരാകുന്നവരായി ഭവിക്കട്ടെ.

വർത്തമാന സമയത്ത് പ്രകൃതിയുടെ തമോഗുണീ ശക്തിയും മായയുടെ സൂക്ഷ്മമായ റോയൽ അറിവിന്റെ ശക്തിയും താന്താങ്ങളുടെ കാര്യം തീവ്രഗതിയിലൂടെ ചെയ്തുകൊണ്ടിരിക്കുന്നുണ്ട്. കുട്ടികൾ പ്രകൃതിയുടെ വികരാളരൂപത്തെ അറിയുന്നുണ്ട് പക്ഷെ മായയുടെ അതി സൂക്ഷ്മസ്വരൂപത്തെ അറിയുന്നതിൽ വഞ്ചിക്കപ്പെടുന്നുണ്ട്, എന്തുകൊണ്ടെന്നാൽ മായ തെറ്റിനെയും ശരിയായി അനുഭവം ചെയ്യിപ്പിക്കുന്നു, തിരിച്ചറിയാനുള്ള ശക്തിയെ സമാപ്തമാക്കിക്കളയുന്നു, കളവിനെ സത്യമാണെന്ന് തെളിയിക്കുന്നതിൽ മിടുക്കരാക്കി മാറ്റുന്നു. അതിനാൽ അറ്റൻഷൻ എന്ന വാക്കിനെ അടിവരയിട്ട് മായയുടെ നിഴലിൽ നിന്ന് സ്വയത്തെ സംരക്ഷിക്കൂ, ചഞ്ചലതയിൽ നിന്നും അചഞ്ചലരാകൂ.

## സ്ലോഗൻ:- ഓരോ സങ്കൽപ്പത്തിലും ഉന്മേഷ-ഉത്സാഹമുണ്ട് എങ്കിൽ സങ്കൽപ്പങ്ങളുടെ സിദ്ധി ഉറപ്പാണ്.